## കേരളാ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ&ടി)യുടെ നടപടിക്രമങ്ങൾ

വിഷയം:- ആ.വ.ഡ - ശ്രീമതി. സുജാബായി ഡി.യെ. രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ. തസ്തികയിൽ സീനിയോറിറ്റി സ്ഥാനം പുനർ:നിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവ്.

സൂചന:- 1) 15/5/2007-ാം തീയതിയിലെ എഫ്.ഡബ്ല്യു.യു (സ്പെഷ്യൽ സെൽ) 94660/06-ാം നമ്പർ ആ.വ.ഡ ഉത്തരവ്.
2) 10/8/2009-ലെ എഫ്.ഡബ്ല്യു. (സ്പെഷ്യൽ സെൽ) 61647/07/ആ.വ.ഡ ഉത്തരവ്.
3) 4/7/2018-ലെ എ4/14238/2018- നമ്പർ തിരുവനന്തപുരം ജി.മെ.ആഫീസ് കത്ത്.
4) നോട്ടീസ് നമ്പർ ഇ.എസ്.5/57603/18/ആ.വ.ഡ തീയതി 13/7/18.

### ഉത്തരവ് നമ്പർ ഇ.എസ്.5/57603/18/ആ.വ.ഡ/തീയതി 26/10/2018.

തിരുവനന്തപുരം വിളപ്പിൽശാല സി.എച്ച്.സി.യിൽ ജോലിചെയ്തുവരുന്ന ജെ.പി.എച്ച്.എൻ. ശ്രീമതി. സുജാബായി ഡി. കോഴിക്കോട് ജില്ലാ പി.എസ്.സി.യുടെ 17/4/93-ലെ അഡ്വൈസ്പ്രകാരം കോഴിക്കോട് ജില്ലയിൽ രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ. ആയി ജോലിയിൽ പ്രവേശിച്ചതുകണക്കാക്കി സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച് സീനിയോറിറ്റി ലിസ്റ്റിൽ രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ. ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ. സീനിയോറിറ്റിസ്ഥാനം യഥാക്രമം 3571, 3423 എന്നിങ്ങനെ സ്ഥാനം നിർണ്ണയിച്ച് നൽകുകയുണ്ടായിരുന്നു.

സൂചന (3) പ്രകാരം ലഭിച്ച അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ടിയാൾ 13/10/1993ലെ തൃശ്ശൂർ ജില്ലാ പി.എസ്.സി. അഡ്വൈസ് പ്രകാരം തൃശ്ശൂർ ജില്ലയിൽ രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ. തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും അതേ തസ്തികയിൽ തുടർന്ന് വരവെ തന്നെ അന്തർ ജില്ലാ സ്ഥലം മാറ്റം നേടി 4/6/99 മുതൽ തിരുവനന്തപുരം ജില്ലയിൽ ജോലിയിൽ പ്രവേശിച്ച് തുടർന്ന് വരുകയുമാണ്. തൃശ്ശൂർ ജില്ലാ പി.എസ്.സി. മുഖേന ലഭിച്ച നിയമനം കണക്കാക്കി രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ. തസ്തികയിൽ ടിയാൾക്ക് പുനർ നിർണ്ണയം ചെയ്ത് സീനിയോറിറ്റി അനുവദിച്ച് നൽകിയിട്ടില്ലായിരുന്നു. ഈ സാഹചര്യത്തിൽ കെ.എസ്.എസ്.ആർ. പാർട്ട് ഒന്ന് ചട്ടം 27ന് വിധേയമായി സൂചന (1) സീനിയോറിറ്റി ലിസ്റ്റിലെ ശ്രീമതി. സുജാഭായി ഡി. യെ രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ സ്ഥാനമായ 3571ഉം ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ. സ്ഥാനമായ 3423ഉം റദ്ദ് ചെയ്തു സൂചന (2) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച രണ്ടാം ഗ്രേഡ് ജെ.പി.എച്ച്.എൻ. സീനിയോറിറ്റി ലിസ്റ്റിൽ 1407 എ സ്ഥാനം താൽകാലികമായി നിശ്ചയിച്ച് നൽകി സൂചന 4 പ്രകാരം നോട്ടീസ് പുറപ്പെടുവിക്കുന്നു. ആയതിന് നാളിതുവരെയും യാതൊരു ആക്ഷേപവും ലഭിക്കുകയുണ്ടായില്ല. ടിയാൾക്ക് ജെ.പി.എച്ച്.എൻ. ഗ്രേഡ് 2 ലിസ്റ്റിൽ നൽകിയിരുന്ന 3571 സ്ഥാനവും. ജെ.പി.എച്ച്.എൻ. ഗ്രേഡ് 1 പട്ടികയിൽ നൽകിയിരുന്ന 3423 സ്ഥാനവും റദ്ദാക്കി 1409 എ എന്ന സ്ഥാനം സൂചന 2 പട്ടികയിൽ താൽകാലികമായി നൽകിയിരുന്നത് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

| സീനിയോറിറ്റി നമ്പർ | പേര് | ജനന തീയതി | യോഗ്യത | സീനിയോറിറ്റി നിർണ്ണയിച്ച് നൽകിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1409 (A) | സുജാബായി ഡി. | 31/5/1966 | SSLC/ANM | 4/6/1999 | IDT തിരുവനന്തപുരം. |

ടിയാളുടെ സേവന പുസ്തകത്തിൽ വിളപ്പിൽ സി.എച്ച്.സി. മെഡിക്കൽ ആഫീസർ സീനിയോറിറ്റി പുനർ നിർണ്ണയവും ആനുപാതിക പ്രൊമോഷൻ തീയതിയും, വേതന ക്രമീകരണവും വിശദമായി രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
ഡോ. സെമീറ എ.
അഡീഷണൽ ഡയറക്ടർ (എ&ടി)

സ്വീകർത്താവ്:- ശ്രീമതി. സുജാബായി ഡി,
സി.എച്ച്.സി. വിളപ്പിൽ, തിരുവനന്തപുരം

പകർപ്പ്:- 1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) തിരുവനന്തപുരം
2) മെഡിക്കൽ ഓഫീസർ ഇൻ ചാർജ് സി.എച്ച്.സി. വിളപ്പിൽ, തിരുവനന്തപുരം
2) സൂപ്രണ്ട് എഫ്.ഡബ്ല്യു.എ. സെക്ഷൻ
3) ഫയൽ / സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്